# KIDS CORNER

വചനത്തിലെ പഴമൊഴികൾ

## "നീ അവന് ദൈവമായിരിക്കും"(പുറ:4:16)

അന്നുവൈകിട്ട് വളരെ സങ്കടത്തോടെയാണ് കത്രീനാമ്മച്ചിയുടെ കൊച്ചുമക്കൾ വിദ്യാലയത്തിൽ നിന്നും എത്തിയത്. വന്നയുടനെ പരാതിയുടെ കെട്ടഴിക്കാൻ ശ്രമിച്ചെങ്കിലും, എല്ലാവരും കാലും കൈയും കഴുകി, കാപ്പി കുടിച്ചിട്ട് പറഞ്ഞാൽ മതി എന്ന് അമ്മച്ചിയുടെ വാക്ക് അവർ അനുസരിച്ചു. പെട്ടെന്ന് കാപ്പികുടി മതിയാക്കി എത്തിയ ജോവൽ അമ്മച്ചിയുടെ മടിയിൽ കയറി ഇരുന്ന് സ്കൂൾ ബസ്സിൽ ഉണ്ടായസംഭവം വിവരിക്കുവാൻ ആരംഭിച്ചു.

അമ്മച്ചീ...... പിന്നെ......... ആ..... അബി പറയുകയാണ് അത്യാവശ്യത്തിന് കള്ളം പറഞ്ഞാൽ ഒരു കുഴപ്പവുമില്ലെന്ന്, പക്ഷേ ഞങ്ങളുടെ കത്രീനാമ്മച്ചി ഞങ്ങൾക്ക് പറഞ്ഞുതന്നത് ദൈവീകപ്രമാണങ്ങളാണെന്നും അവയുടെ വള്ളിയോ പുള്ളിയോ മാറ്റുവാൻ നമുക്ക് അധികാരം ഇല്ല എന്നുമാണെന്ന് അപ്പു അണ്ണൻ അവനോട് പറഞ്ഞു. അപ്പോൾ അവൻ അപ്പു അണ്ണനെ ഏതാണ്ടൊക്കെ പറഞ്ഞു, നേരാണോ കുട്ടാ............ അമ്മച്ചി അപ്പുവിനോട് ചോദിച്ചു. ദുഃഖിതനായി തലകുനിച്ചിരുന്ന അപ്പു, ഒറ്റ കരച്ചിൽ അതുകണ്ട് എല്ലാവർക്കും സങ്കടമായിപ്പോയി. അപ്പുവിന്റെ കണ്ണുനീർ തുടച്ചു കൊണ്ട് അമ്മച്ചി പറഞ്ഞു. ദൈവചനത്തിൽ ദൈവം മോശയോട് അവൻ (അഹറോൻ) നിനക്ക് വായായിരിക്കും നീ അവന് ദൈവമായിരിക്കും. (പുറ 4:16) എന്ന് പറഞ്ഞു. അതായത് ദൈവം പറഞ്ഞതുമാത്രമേ മോശ തന്റെ സഹോദരനായ അഹരോനോട് പറയുവാൻ പാടുള്ളു. അതു പോലെ അഹരോൻ, ദൈവം മോശയോട് പറഞ്ഞകാര്യം മാത്രമേ ജനത്തോട് പറയുവാൻ പാടുള്ളു. മക്കളെ! നിങ്ങൾ ദൈവത്തിന്റെ വാചകങ്ങൾ അഥവ പ്രമാണങ്ങൾ അതുപോലെ തന്നെ നിങ്ങളുടെ കൂട്ടുകാരനെ അറിയിച്ചു. നിങ്ങൾ ചെയ്തതാണ് ശരി. അബി ചെയ്ത തെറ്റ് ദൈവത്തിന്റെ വാക്കുകളോടുകൂടെ അവന്റെ ആശയവും ചേർത്തു എന്നതാണ്.

മിറിയത്തിന്റെ മടിയിലിരുന്ന മിന്നു പെട്ടെന്ന് എഴുന്നേറ്റ് അമ്മച്ചിയോട് ചോദിച്ചു, മനുഷ്യനെങ്ങനെയാണമ്മച്ചി ദൈവമാകുന്നത്. മോളെ, മോശയപ്പൂപ്പന് വിക്കായതിനാലാണ് മൂത്തസഹോദരനെ ദൗത്യനിർവ്വഹണത്തിനായി ദൈവം മോശയോടൊപ്പം അയച്ചത്. മോശ അഹരോനോട് പറയുവാൻ ദൈവം പറഞ്ഞതല്ലാതെ ഒന്നും പറയരുത്. അതാണ് മോശ അഹരോന് ദൈവമായിരിക്കും എന്നുള്ളതിന്റെ അർത്ഥം. പക്ഷേ ജോവലിനും മിച്ചുവിനും ഒന്നും മനസ്സിലാകാഞ്ഞതിനാൽ അമ്മച്ചി ഒരുകൊച്ചുകഥ പറഞ്ഞു. ഒരിക്കൽ ഒരു തള്ളക്കോഴി കുഞ്ഞുങ്ങളോട് പറഞ്ഞു. മക്കളെ മരം ചാടി നടക്കുന്ന കുരങ്ങൻ ചേട്ടനോടൊപ്പം കറങ്ങാൻ എങ്ങും പോകരുത്. ചിക്കു കോഴി കുറച്ചുദിവസം അനുസരിച്ചു. ഒരു ദിവസം കുരങ്ങൻ ചേട്ടനോടൊപ്പം അവനും പോയി. കുരങ്ങനും, സഹോദരങ്ങളും അമ്മയുടെ വാക്കുകൾ ഓർമ്മിപ്പിച്ചിട്ടും പ്രയോജനമുണ്ടായില്ല. അമ്മ പറഞ്ഞത്

അത്യാവശ്യം വന്നാൽ ചേട്ടനോടൊപ്പമേ പോകാവു എന്നാണ് എന്ന് പറഞ്ഞ് പോയ ചിക്കു, കുറുക്കന്റെ വായിലെത്തിചേർന്നു. പേടിച്ച കുരങ്ങൻ മരത്തിൽ ചാടി ഓടി. ഭക്ഷണസാധനവുമായി മടങ്ങിവന്ന അമ്മയോട് മക്കൾ സകലവിവരവും പറഞ്ഞു. ചിക്കുവിന്റെ വേർപാടിൽ എല്ലാവരും ദുഃഖിച്ചു.

മക്കളെ! മുതിർന്നവർ പറയുന്നത്, ദൈവവചനം കേൾക്കുന്നത്, അതുപോലെ അനുസരിച്ച് നല്ല മക്കളായി നിങ്ങൾ ജീവിക്കണം. അപ്പോൾ യേശു അപ്പച്ചൻ നിങ്ങളെ അനുഗ്രഹിക്കും.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind